KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

SCHOOL KALOLSAVAM 2016-2017 PROGRAMME COMMITTEE

Code No. 215

I

വിഷയം : ഭൂമിയുടെ വിളികൾ.

## സത്രഭിത്തിയിലെ ഘടികാരം.

നാട്ടുവഴികൾ ഒത്തുചേരുന്ന സത്രത്തിന്
ഒരേയൊരു വാതിൽ.
ആർക്കുവേണ്ടിയും, എപ്പോഴും തുറന്നുകിടക്കുന്ന,
കല്പാന്തകാലത്തെ പ്രണയിക്കുന്ന വാതിൽ.
ഏതോ ഒരു അജ്ഞാതൻ ചൂട്ടുമിന്നിച്ച്,
തിരിച്ചുവരാത്ത ഇന്നലെകളെയും, കാലുകുഴഞ്ഞ് –
വിയർത്തോടിവരുന്ന ഇന്നിനെയും കാത്ത്
മഹാസത്രത്തിന് കാവലാളാകുന്നു.
തുറന്നിട്ട ജാലകത്തിലൂടെ, ഒരു കൊടുങ്കാറ്റ്
കയ്യും (കൈയ്യും)
മഴയുടെ കൈയ്യുംപിടിച്ചെത്തുമ്പോൾ
~~ഭിത്തിയിലെ~~ ഘടികാരസൂചികൾ കാലൊച്ചയില്ലാതെ
ചരിത്രത്തിലേക്ക് തിരിച്ചുനടന്നു.
വാഗൺ ദുരന്തം, ദണ്ഡിയാത്ര, അമൃത്സർ.....
ഭൂതകാലത്തിന്റെ ചാരുശില്പങ്ങൾ പോലെ
ഗാന്ധിയും, ~~ഗോഡ്സെയും~~ ഗോഡ്സെയും
വീട്ടിലേക്കുള്ള വഴിയറിയാതെ......

→

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

സത്രത്തിലെ പതിവുസന്ദർശകരാകുന്നു.
അശാന്തികൾ ഇടിമുഴക്കങ്ങളാകുന്ന മനസ്സിന്റെ ഇടവഴിയിൽ
അവർ വീണ്ടും വീണ്ടും പരിഭവമില്ലാതെ കണ്ടുമുട്ടുന്നു.
കാലത്തിന്റെ നെഞ്ചിലെ ഋതുഞെരക്കങ്ങൾ,
തോറ്റ ജനതയുടെ പാളംതെറ്റിയ യാത്ര
മൺചെരാതിന്റെ തൊണ്ടയിൽ അർബുദ വിത്തുപാകുന്നു.
ഇന്നലെയുടെ ഫോസിലുകൾ പെറുക്കിക്കൂട്ടി കത്തിച്ചപ്പോൾ
അതിന് ....... സമുദ്രവാത്സല്യത്തിന്റെ രുചി.
ചത്തവിളക്കിന്റെ കണ്ണുകൾ
തീവെട്ടം കണ്ട് അമ്പരന്നപ്പോൾ,
മൂകാഭിലാഷം കൊണ്ട് വൃത്തവും ലംബവും വരച്ച്
പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യൻ
ആരും കേൾക്കുവാനില്ലാതെ ആർത്തുകരഞ്ഞു.
ബാക്കി ജീവിതത്തിന്റെ പലിശ
മക്കൾക്ക് കൂട്ടുപലിശയ്ക്ക് കടംകൊടുക്കുമ്പോൾ
അവന് പിന്നെയും കരയാൻ അവകാശമുണ്ടോ ..... ?
പെരുവഴിയിൽ നിന്ന് വീണുകിട്ടിയ കവിത
ഹരിതകം ചോർന്ന ഇലപോലെ
ശൂന്യമായിരുന്നു ........
ഉർവ്വരതയുടെ മാറ്പ്പേക്കിയിൽ

KERALA SCHO… PROGRAMME COMMITTEE …M-2017

III → കാലം ചോരകൊണ്ട് കൈയ്യൊപ്പുവച്ചു.
ഇന്നിന്റെ 'സഹാറ'യിൽ പെയ്യാൻമോഹിച്ച മഴ
എത്തിനോക്കുകമാത്രം ചെയ്തു.
ഒരടയാളവും ബാക്കിവയ്ക്കാതെ
ഓരോ നിശ്വാസവും അന്യമാവുമ്പോൾ
ബാക്കിയാവുന്നത് നമ്മുടെ പൈതൃകങ്ങൾ.
മനസ്സിന്റെ തീരത്ത് മറന്നതിന്റെ വേലിയേറ്റങ്ങൾ
ആർത്തു ചിരിച്ചുക്കുമ്പോൾ
കാഴ്ചക്കാർക്ക് വിരുന്നൊരുക്കി,
ലോകമഹാത്ഭുതങ്ങളിൽ ഇടംനൽകി,
പ്രണയസൗധം തീർത്ത ഷാജഹാനോ,
ഉൾക്കണ്ണിനുമാത്രം കാണാൻ
ഹൃദയത്തിൽ പ്രണയകൊട്ടാരം പണിത് കാവലിരിക്കുന്ന
'കലഹാണ്ടിയുടെ ദനാമാജിയോ വിശ്വശില്പി.... ?
പോരാട്ടത്തിന്റെ നിലക്കുടയ്ക്കു കീഴെ
അമ്ലമഴ പെയ്യാതിരിക്കട്ടെ......
സത്യത്തിന്റെ മേൽക്കൂര ചോർന്നൊലിക്കാതിരിക്കട്ടെ.....

~ x ~ x ~

(*കലഹാണ്ടി :- ഭാര്യയുടെ ശവം ചുമന്ന് പത്തുകിലോമീറ്റർ താണ്ടിയ ഒഡിഷ സ്വദേശി ദനാമാജിയുടെ ജില്ലയാണ് കലഹാണ്ടി

~ x ~ x ~

Scanned by CamScanner